**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ കാക്കനാട് റെഡ്ക്രോസ് ഭവന്റെയും വൃദ്ധജന ആരോഗ്യ കേന്ദ്രത്തിന്റെയും പ്രവർത്തന ചെലവുകൾ - എറണാകുളം ജില്ലാ പഞ്ചായത്ത്, ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്, തൃക്കാക്കര മുൻസിപ്പാലിറ്റി എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെ പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും ചെലവഴിക്കുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാരണ) നം. **2804**/2011/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 28.11.2011.

---

പരാമർശം:- 1) എറണാകുളം ജില്ലാ കളക്ടറും ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റി എറണാകുളം ജില്ലാ പ്രസിഡന്റുമായ ശ്രീ.പി.ഐ.ഷെയ്ക്ക് പരീദ് ഐ.എ.എസ്. 22.06.2011-ന് സമർപ്പിച്ച 134/ആർ.സി.ബി./2011 നമ്പർ കത്ത്.

2) 03.11.2011-ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2.55-ാം നമ്പർ തീരുമാനം.

**ഉത്തരവ്**

എറണാകുളം ജില്ലാ പഞ്ചായത്ത്, ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്, തൃക്കാക്കര മുൻസിപ്പാലിറ്റി എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ റെഡ്ക്രോസ് ഭവന്റെ കീഴിൽ നിർമ്മിച്ച വൃദ്ധജന ആരോഗ്യ കേന്ദ്രത്തിന്റെ ആവർത്തന ചെലവുകൾക്കായി ധനസഹായം അനുവദിയ്ക്കണമെന്ന് പരാമർശം (1) പ്രകാരം റെഡ്ക്രോസ് സൊസൈറ്റി എറണാകുളം ബ്രാഞ്ച് പ്രസിഡന്റ് ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിയ്ക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2011-12 സാമ്പത്തിക വർഷത്തെ പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും ചുവടെ ചേർക്കും പ്രകാരം ധനസഹായം റെഡ്ക്രോസ് ഭവന് നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | **തദ്ദേശസ്വയംഭരണ സ്ഥാപനം** | **തുക** |
|---|---|---|
| 1 | എറണാകുളം ജില്ലാ പഞ്ചായത്ത് | 3.70 ലക്ഷം (മൂന്ന് ലക്ഷത്തി എഴുപതിനായിരം രൂപ |
| 2 | ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 2 ലക്ഷം (രണ്ട് ലക്ഷം രൂപ) |
| 3 | തൃക്കാക്കര മുൻസിപ്പാലിറ്റി | 4.30 ലക്ഷം (നാല് ലക്ഷത്തി മുപ്പതിനായിരം രൂപ) |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

എസ്.ജമുന,

അഡിഷണൽ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം.
സെക്രട്ടറി, എറണാകുളം ജില്ലാ പഞ്ചായത്ത്.
സെക്രട്ടറി, ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്
സെക്രട്ടറി, തൃക്കാക്കര മുൻസിപ്പാലിറ്റി
ജില്ലാ കളക്ടർ, എറണാകുളം.
പ്രസിഡന്റ്, ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റി, ഡിസ്ട്രിക്ട് ബ്രാഞ്ച്, ജനറൽ ഹോസ്പിറ്റൽ കാമ്പസ്, കൊച്ചി, എറണാകുളം - 682011.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ / എൽ.ബി.എ), കേരള, തിരുവനന്തപുരം.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ഓഫീസർ, സിവിൽ സ്റ്റേഷൻ, കൊച്ചി.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.